## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ഹെഡ് ക്ലർക്കുമാരെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

സൂചന :
1) സ.ഉ (കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017.
2) സ.ഉ (പി) നം. 7/2016/ഫിൻ തീയതി 20.01.2016.
3) ഈ ഓഫീസിലെ 21.07.2017-ലെ എ1-5930/2017/സിഇ/തസ്വഭവ നമ്പർ സർക്കുലർ
4) സ.ഉ (സാധാ) നം. 3215/2017/തസ്വഭവ തീയതി 05.10.2017.
5) ഈ ഓഫീസിലെ 03.05.2017-ലെ എ1-5930/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
6) ഈ ഓഫീസിലെ 08.05.2017-ലെ എ1-5930/2017/സിഇ/തസ്വഭവ(1) നമ്പർ ഉത്തരവ്
7) 03.08.2017-ലെ ഗസറ്റ് വിജ്ഞാപനം നം. 1651 വാല്യം 6
8) ഈ ഓഫീസിലെ 11.08.2017-ലെ എ1-10700/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ1-1002/2013/സി.ഇ/തസ്വഭവ(ജെ.എസ്) തീയതി 20.10.2017

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ നിലവിൽ ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ ജോലി നോക്കിവരുന്ന ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരനെ ടിയാന്റെ പേരിനു നേർക്ക് ചേർത്തിട്ടുള്ള കാര്യാലയത്തിൽ ഉടൻ പ്രാബല്യത്തിൽ മാറ്റി നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| പേര് | നിലവിൽ ജോലിചെയ്യുന്ന ഓഫീസ് | സ്ഥലംമാറ്റി നിയമിക്കുന്ന ഓഫീസ് |
|---|---|---|
| ശ്രീ. അഷറഫ്. കെ | എക്സി. എഞ്ചിനീയറുടെ ഓഫീസ്, തസ്വഭവ ഡിവിഷൻ വയനാട്. | എക്സി. എഞ്ചിനീയറുടെ ഓഫീസ്, തസ്വഭവ ഡിവിഷൻ മലപ്പുറം |

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ സൂചന (1) പ്രകാരം പുതുതായി അനുവദിച്ച 31 മിനിസ്റ്റീരിയൽ തസ്തികകൾ സൂചന (5), (6) പ്രകാരം ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. തൃശ്ശൂർ, കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സേവനകാലയളവ് പൂർത്തിയാക്കി വിരമിച്ച ഓരോ ജൂനിയർ സൂപ്രണ്ട് തസ്തികയും, സൂചന (7) ഗസറ്റ് വിജ്ഞാപനത്തിലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ടിന് സൂചന (8) ഉത്തരവിലൂടെ സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് നൽകിയ സ്ഥാനക്കയറ്റം മുഖേനയും നിലവിൽ വന്ന ജൂനിയർ സൂപ്രണ്ട് തസ്തികയിലെ മൂന്ന് ഒഴിവുകളിലേക്ക് സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ച

ഹെഡ് ക്ലർക്കുമാരുടെ താൽക്കാലിക മുൻഗണനാപ്പട്ടികയിലെ സീനിയർമോസ്റ്റായ മൂന്ന് ഹെഡ് ക്ലർക്കുമാർക്ക് താൽക്കാലിക പ്രൊമോഷൻ നടത്തുന്നതിനുള്ള വിലക്കിൽ ഇളവുവരുത്തി, ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്ന തീയതി മുതലേ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന തസ്തികയിൽ റെഗുലറൈസേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 31(a)(i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകി 30700-65400 എന്ന ശമ്പളസ്കെയിലിൽ അവരവരുടെ പേരിന് നേർക്ക് ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | സീനിയോരിറ്റി നം. | പേരും നിലവിൽ ജോലിചെയ്യുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | 5 | ശ്രീമതി. ഹെലൻ ഷീല. എം.ജെ<br>അസി. എക്സി. എഞ്ചിനീയറുടെ ഓഫീസ്,<br>തസ്വഭവ സബ്ഡിവിഷൻ<br>വെള്ളനാട് ബ്ലോക്ക്പഞ്ചായത്ത്<br>തിരുവനന്തപുരം | എക്സി. എഞ്ചിനീയറുടെ ഓഫീസ്,<br>തസ്വഭവ ഡിവിഷൻ<br>ആലപ്പുഴ |
| 2 | 6 | ശ്രീ. ഷാനവാസ് എം<br>അസി. എക്സി. എഞ്ചിനീയറുടെ ഓഫീസ്,<br>തസ്വഭവ സബ്ഡിവിഷൻ<br>വാമനപുരം ബ്ലോക്ക്പഞ്ചായത്ത്<br>തിരുവനന്തപുരം | എക്സി. എഞ്ചിനീയറുടെ ഓഫീസ്,<br>തസ്വഭവ ഡിവിഷൻ<br>പാലക്കാട് |
| 3 | 7 | ശ്രീ. സത്യരാജ്. പി.ജി<br>അസി. എക്സി. എഞ്ചിനീയറുടെ ഓഫീസ്,<br>തസ്വഭവ സബ്ഡിവിഷൻ<br>അഞ്ചൽ ബ്ലോക്ക്പഞ്ചായത്ത്<br>കൊല്ലം | എക്സി. എഞ്ചിനീയറുടെ ഓഫീസ്,<br>തസ്വഭവ ഡിവിഷൻ<br>വയനാട് |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ / ഓഫീസ് മേധാവികൾ ടി ജീവനക്കാരെ വിടുതൽ ചെയ്തും, നിയമിക്കപ്പെട്ട ഓഫീസുകളിൽ നിയമനം നൽകുകയും വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എൻജിനീയർ**

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ, കേരള ബ്രാഞ്ച് : തൃശ്ശൂർ
2) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
3) എക്സി. എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്
4 അസി. എക്സി. എഞ്ചിനീയർ, ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത്
5) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്.ജി.ഡി
6) എ1 സെക്ഷൻ
7) സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധികചുമതല)

P 1636